മുനിസിപ്പാലിറ്റികളിലെ വികസന പദ്ധതികൾ

4 (*274) ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികളിൽ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(ബി) കേന്ദ്ര സർക്കാരിന്റെ ഏത് പദ്ധതിയിലുൾപ്പെടുത്തിയാണ് പ്രസ്തുത വികസന പദ്ധതികൾ നടപ്പാക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) എത്ര തുകയുടെ വികസന പദ്ധതികളാണ് നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്ന നോഡൽ ഏജൻസി ഏതാണ് ; വ്യക്തമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) മുനിസിപ്പാലിറ്റികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ഗുണനിലവാരമുള്ള പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നതിന് അർബൻ 2020 എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് സംസ്ഥാനതലത്തിൽ കൺസൾട്ടൻസി കമ്പനികളുടെ ഒരു സമിതിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള നഗരവികസന പുനരുദ്ധാരണ പദ്ധതികളിൽപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്കാണ് പ്രസ്തുത പദ്ധതി പ്രകാരം തയ്യാറാക്കി വരുന്ന പ്രോജക്ടുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പദ്ധതി റിപ്പോർട്ടുകൾ അന്തിമമാക്കിയിട്ടില്ലാത്തതിനാൽ കണക്കാക്കിയിട്ടില്ല.

(ഡി) കേരള സുസ്ഥിര നഗരവികസന പദ്ധതി (കെ.എസ്.യു.ഡി.പി.).

LIBRARY ARCHIVES Kerala Legislative Assembly